ഡിജിറ്റൽ രൂപത്തിൽ പരിപാലിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഫാറങ്ങളും ഉൾപ്പെട്ട സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി തുടർന്ന് ഡിജിറ്റൽ രൂപത്തിലാക്കപ്പെട്ട ആസ്തി രജിസ്റ്ററുകൾ സാംഖ്യ ഡബിൾ എൻട്രി അക്കൗണ്ടിംഗുമായി യോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർപേഴ്സണും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കൺവീനറുമായി പത്തംഗ മോണിറ്ററിംഗ് സമിതി രൂപീകരിക്കുകയും ചെയ്തു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും ആസ്തികൾ സംബന്ധിച്ച് വ്യക്തമായ രേഖ തയ്യാറാക്കി സൂക്ഷിക്കുകയും അത് ഡിജിറ്റലൈസ് ചെയ്യുന്നതിലൂടെ വിവര ശേഖരണത്തിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുകയും ചെയ്യുന്നതിന് സാധിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കപ്പെടുകയും, ആയത് സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ലഭിക്കുകയും ചെയ്യുന്നു.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ്

260 (3547) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു പഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന ജനന സർട്ടിഫിക്കറ്റിൽ മാതാപിതാക്കളുടെ പേരുകളിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിനുള്ള നടപടി എന്താണ് ;

(ബി) ജനന സർട്ടിഫിക്കറ്റിൽ മാതാവിന്റെ പേരിൽ അക്ഷരത്തെറ്റ് ഉണ്ടായാൽ അത് തിരുത്തി നല്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ നല്കിയാൽ അത് തിരുത്തി നല്കുന്നതിന് തടസ്സമുണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരം കേസുകളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകല്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി 1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(3) പ്രകാരം രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോധ്യപ്പെട്ട് ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) അപേക്ഷകൻ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്. ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അവ തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ അല്ലെങ്കിൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവ സർവ്വീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ട്രൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും) എന്നിവയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ്. (വിശ്വസനീയ വ്യക്തികൾ എന്നാൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരാണ്). 1970-ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്. കൂടാതെ കുട്ടികളുടെ മാതാപിതാക്കളുടെ പേരിൽ ഉണ്ടാകുന്ന തെറ്റുകൾ, മേൽവിലാസത്തിൽ ഉണ്ടാകുന്ന സ്പെല്ലിംഗ് മിസ്റ്റേക്കുകൾ തുടങ്ങിയ തെറ്റുകൾ തിരുത്തുന്നതിന് നോട്ടറി, 2 ഗസ്റ്റഡ് ഓഫീസർമാർ, വില്ലേജ് ഓഫീസർ എന്നിവരുടെ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയും മറ്റ് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും രജിസ്ട്രേഷനുകളിൽ 31-5-2013-ലെ 50817/ആർ.ഡി3/12/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തിരുത്തൽ വരുത്താവുന്നതാണ്.

(ബി) ചീഫ് രജിസ്ട്രാറുടെ 8-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിലെ ഖണ്ഡിക 7(3) പ്രകാരം രജിസ്ട്രേഷനുകളിലെ ക്ലറിക്കൽ തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെടുമ്പോഴോ ബന്ധപ്പെട്ട കക്ഷികൾ അപേക്ഷ നൽകുമ്പോഴോ അക്കാര്യം അന്വേഷിച്ച് ബോധ്യപ്പെട്ട് ബന്ധപ്പെട്ട വസ്തുതയുടെ നിജസ്ഥിതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ (തെളിവുകൾ) അപേക്ഷകൻ ഹാജരാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള തെറ്റുകൾ തിരുത്താവുന്നതാണ്.

ഇത്തരത്തിലുള്ള തിരുത്തലുകൾക്കായി ബന്ധപ്പെട്ട കക്ഷികൾ രജിസ്ട്രേഷനിലെ തിരുത്തൽ വരുത്തേണ്ട വസ്തുതയെ സംബന്ധിക്കുന്ന സത്യവാങ്മൂലം, അവ തെളിയിക്കുന്ന രേഖ (സ്കൂൾ രേഖ അല്ലെങ്കിൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവ സർവ്വീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ അവിടെ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, ഇലക്ട്റൽ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും) എന്നിവയോടുകൂടി രജിസ്ട്രാർക്ക് സമർപ്പിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്. അപേക്ഷിക്കുന്ന കക്ഷി തിരുത്തേണ്ട വസ്തുത സംബന്ധിച്ച് ബോധ്യമുള്ള രണ്ട് വിശ്വസനീയരായ വ്യക്തികളുടെ സത്യപ്രസ്താവന ഹാജരാക്കേണ്ടതാണ് (വിശ്വസനീയ വ്യക്തികൾ എന്നാൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, ജനപ്രതിനിധികൾ, അദ്ധ്യാപകർ, ഡോക്ടർമാർ, അഭിഭാഷകർ എന്നിവരാണ്). 1970-ന് മുൻപുള്ള ജനന മരണ രജിസ്ട്രേഷനുകളിലെ എല്ലാ തിരുത്തലുകൾക്കും ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണ്.

(സി) സംസ്ഥാനത്തെ 978 ഗ്രാമപഞ്ചായത്തുകളിൽ ഇത്തരത്തിൽ അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിലം നികത്തിയ സ്ഥലത്ത് മറ്റ് കെട്ടിടനിർമ്മാണം

261 (3548) ശ്രീ. വി. ശിവൻകുട്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുങ്കിടവിള ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ബ്ലോക്ക് നമ്പർ 35-ൽ തണ്ടപ്പേർ നമ്പർ 328. റീസർവ്വേ 51/1 ൽ 00.07.00,51/2 ൽ 00.05.40 ആർ നിലം നികത്തിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആരാണ് പ്രസ്തുത അപേക്ഷ നൽകിയതെന്നും എന്നാണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതെന്നും അറിയിക്കുമോ;

(സി) നിലം നികത്തിയ സ്ഥലത്ത് വീടുവയ്ക്കാനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകാറുണ്ടോ ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് അത്തരത്തിലുള്ള അനുമതിയാണോ നൽകിയിട്ടുള്ളത് ;

(ഡി) നിലം നികത്തിയ സ്ഥലത്ത് മറ്റ് കെട്ടിട നിർമ്മാണം നടത്താൻ വ്യവസ്ഥയുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; കെട്ടിടനിർമ്മാണ പെർമിറ്റ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly